TB243444O

o k 15.11

Reg. No :...............................

Name :.................................

**BACHELOR'S DEGREE (C.B.C.S) EXAMINATION, NOVEMBER 2024**

**2023 ADMISSIONS REGULAR**

**B.A/B.SC SEMESTER III - COMMON COURSE 2** MALAYALAM

**MA3A05B23 - Drisyakalasahithyam**

**Time : 3hrs Hours** **Maximum Marks : 80**

## Part A

**I. Answer any Ten questions. Each question carries 2 marks** **(10x2=20)**

1. 'ഏറ്റ വസ്തു തിരികെക്കൊടുത്തപോ-ലേറ്റവും തെളിമ പൂണ്ടിതെന്മനം'-ആരുടെ അവസ്ഥയാണിവിടെ പരാമർശിക്കുന്നത്?കാരണമെന്ത്?
2. "മഹാനദി സമുദ്രത്തിലല്ലാതെ ചെന്നുചേരുമോ ?അനസൂയ ഇങ്ങനെ പറയാൻ കാരണമെന്ത്? വിശദമാക്കുക.
3. 'ആജികൊണ്ടെങ്കിൽ മുഷ്കരൻ , വ്യാജം കൊണ്ടെങ്കിൽ തസ്കരൻ' - ആരെക്കുറിച്ചുള്ള വാക്കുകളാണിത് ?
4. 'മൂർത്തിയും മൊഴിയും ഒരുപോലെ' - ആരെക്കുറിച്ചാണ് ദമയന്തി ഇങ്ങനെ ചിന്തിക്കുന്നത് ?
5. "വക്ഷസ് തല്ലിപ്പിളർന്ന വൃകോദരൻ"- ആര് , ആരുടെ വക്ഷസ്സ് ആണ് തകർത്തത് ? വിശദമാക്കുക
6. "നക്തഞ്ചരേന്ദ്രനെ വാലുകൊണ്ടാശു വരിഞ്ഞുകെട്ടിക്കൊണ്ടു നാലു സമുദ്രങ്ങൾ ചാടിക്കടന്നതും "- ആരെക്കുറിച്ചാണ് സൂചിപ്പിക്കുന്നത്?
7. 'സകല കണക്കിനും ഭൂമിശാസ്ത്രത്തിനും അതുതന്നെയാണ് ശരി'-ആരുടെ വാക്കുകൾ? സന്ദർഭമെഴുതി വിവരിക്കുക.
8. 'സാറേ, നാടകത്തിൻറെയിടയിൽ അതുമിതും പറയരുതേ,സദസ്യർ കേൾക്കും.' -സന്ദർഭം വിശദമാക്കുക.
9. 'ഒരുവിധത്തിൽ പറഞ്ഞാൽ ഞാൻ കൃത്യം കേട്ട സാക്ഷിയാണ് '-ആരുടെ വാക്കുകൾ? സന്ദർഭമെഴുതി വിശദമാക്കുക.
10. "അച്ചാച്ചൻ പറഞ്ഞു നടന്നത് ഇതൊക്കെ അല്ലെ " - അപ്പു ഇങ്ങനെ പറയുന്നത് ആരോട്? വിശദമാക്കുക
11. "പിന്നെ കല അസാരം ബാക്കിണ്ട് ട്ടോ , അത് സായിപ്പന്മാര് വരുമ്പളേയ്ക്കുള്ളതാ "- ആരുടെ വാക്കുകൾ ? സൂചന എന്ത് ?
12. "ഞങ്ങടെ കഥയൊക്കെ മോശാ" - ആര് ആരോട് പറയുന്നു? വ്യക്തമാക്കുക

## Part B

**II. Answer any Six questions. Each question carries 5 marks** **(6x5=30)**

13. വിദൂഷകൻ , അനസൂയ,പ്രിയംവദ എന്നീ കഥാപാത്രങ്ങളെ പരിചയപ്പെടുത്തുക.
14. 'ആത്മഗതം' എന്ന നാട്യോക്തിക്ക് മലയാളശാകുന്തളത്തിൽനിന്നും ഉദാഹരണങ്ങൾ കണ്ടെത്തുക.
15. ദമയന്തിയും പിതാവും തമ്മിലുള്ള സംഭാഷണം വിശദീകരിക്കുക .
16. ഭീമൻറെ ആത്മപ്രശംസ സംഗ്രഹിക്കുക .
17. സി .ജെ .തോമസ്സിൻറെ '1128 -ൽ ക്രൈം 27' എന്ന നാടകത്തിലെ കേന്ദ്രകഥാപാത്രം ഗുരുവാണ് -നിങ്ങളുടെ അഭിപ്രായമെന്ത്?
18. '1128 -ൽ ക്രൈം 27'- എന്ന നാടകത്തിലെ ശാസ്ത്രിയെ പരിചയപ്പെടുത്തുക .
19. നിർമ്മാല്യത്തിൽ ഫ്ലാഷ് ബാക്കുകൾ ഉപയോഗിച്ചിരിക്കുന്ന സന്ദർഭങ്ങൾ ഏതെല്ലാം?
20. വെളിച്ചപ്പാടിൻറെ കുടുംബം അനുഭവിക്കുന്ന ദാരിദ്ര്യത്തെ എം ടി ആവിഷ്ക്കരിക്കുന്നത് എങ്ങനെ?

21. നിർമ്മാല്യത്തിലെ 'രാവുണ്ണിനായർ ' സാമൂഹിക മാറ്റങ്ങളുടെ ഇരയാണോ ? നിങ്ങളുടെ അഭിപ്രായമെന്ത്?

### Part C

**III. Answer any Two questions. Each question carries 15 marks** **(2x15=30)**

22. കാളിദാസൻ പരിസ്ഥിതിയ്ക്കുകൊടുത്ത പ്രാധാന്യം മലയാളശാകുന്തളത്തെ ആസ്പദമാക്കി വിവരിക്കുക.
23. നമ്പ്യാർ കൃതികളുടെ പ്രത്യേകതകൾ പാഠഭാഗത്തെ ആസ്പദമാക്കി വിവരിക്കുക?
24. സി .ജെ .തോമസ്സിൻറെ '1128 -ൽ ക്രൈം 27' എന്ന നാടകത്തിൻറെ കാലികപ്രസക്തി വിലയിരുത്തുക.
25. കേരളത്തിൻറെ സിനിമ - സാംസ്കാരിക ചരിത്രത്തിൽ നിർമ്മാല്യത്തിനുള്ള സ്ഥാനം അപഗ്രഥിക്കുക.